കൗൺസിലുംകൂടി വഹിക്കേണ്ടതാണ്. മൂന്നാംഘട്ട പരിശീലനത്തിന്റെ ചെലവ് പൂർണ്ണമായും കേരളാ ഗവൺമെന്റിന്റെയും കേരള സ്പോർട്സ് കൗൺസിലിന്റെയും നേരിട്ടുള്ള ചുമതലയിലായിരിക്കും.

(ജി) ഈ പദ്ധതി കുറ്റമറ്റതും കാര്യക്ഷമവും ആയ രീതിയിലാണ് ഇപ്പോൾ നടന്നുവരുന്നത്.

25 (*320) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി കെ.കെ ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർവ്വീസ് സംഘടനകളുമായി ഇക്കാര്യത്തിൽ നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്ഥലംമാറ്റത്തിൽ ഏതെല്ലാം വിഭാഗത്തിനാണ് പ്രത്യേക പരിരക്ഷ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) 6.11.99 ൽ നടന്ന ചർച്ചയിൽ സ്ഥലം മാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകൾ തങ്ങളുടെ അഭിപ്രായം ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഓരോ സംഘടനകളുടേയും അഭിപ്രായം രേഖാമൂലം സർക്കാരിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് നിർദ്ദേശവും ചർച്ചയിൽ ചില സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്.

26 (*321) ടൂറിസം നയം

ശ്രീമതി. ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly